# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം.278** 22/02/2016-ൽ മറുപടിയ്ക്ക്

### ആധുനിക അറവു ശാലകൾ

| ചോദ്യം<br>ശ്രീ.കെ.അച്ചുതൻ<br>ശ്രീ.ജോസഫ് വാഴയ്ക്കൻ<br>ശ്രീ.വർക്കല കഹാർ<br>ശ്രീ. വി.ഡി.സതീശൻ | | മറുപടി<br>ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യ നീതിയും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ പഞ്ചായത്തുകളിൽ ആധുനിക അറവു ശാലകൾ നിർമ്മിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. ഗ്രാമപഞ്ചായത്തുകളിൽ ആധുനിക അറവുശാലകൾ സ്ഥാപിക്കുന്നതിനും നിലവിലുള്ളവ നവീകരിക്കുന്നതിനും സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി സർക്കാർ ധനസഹായം അനുവദിക്കുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. |
| (ബി) | എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; | (ബി) | അനധികൃത അറവ് ഒഴിവാക്കുക, ആധുനിക അറവുശാലയിൽ ശാസ്ത്രീയമായി കശാപ്പ് നടത്തി ഉയർന്ന ഗുണനിലവാരത്തിൽ മാംസം ലഭ്യമാക്കുക, അറവു മാലിന്യം ശാസ്ത്രീയമായി സംസ്ക്കരിക്കുക, അറവു മാലിന്യം പൊതുസ്ഥലങ്ങളിൽ വലിച്ചെറിയുന്നത് ഒഴിവാക്കി പൊതുജനാരോഗ്യവും പരിസ്ഥിതി സംരക്ഷണവും ഉറപ്പു വരുത്തുക എന്നിവയാണ് ആധുനിക അറവുശാലകൾ നിർമ്മിക്കുന്നതിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ.<br>എല്ലാ ഗ്രാമപഞ്ചായത്തുകളിലും ശാസ്ത്രീയമായ സംവിധാനങ്ങളോടു കൂടിയ സ്ലോട്ടർ ഹൗസുകൾ ആരംഭിക്കേണ്ടത് ശുചിത്വമായ മാംസം ലഭ്യമാക്കുന്നതിന് അനിവാര്യമാണ്. സംസ്ഥാനത്തെ ഓരോ ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തുമുള്ള ഒരു ഗ്രാമപഞ്ചായത്തിലെങ്കിലും അറവുശാല സ്ഥാപിക്കുക എന്ന |

| | | | |
|---|---|---|---|
| | | | ലക്ഷ്യത്തോടെയാണ് ധനസഹായം അനുവദിച്ച് വരുന്നത്. |
| (സി) | ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | (സി) | ശാസ്ത്രീയമായ രീതിയിലുള്ള അറവു ശാലകളുടെ നിർമ്മാണത്തിനും നവീകരണത്തിനും സാങ്കേതിക സഹായവും ഉപദേശവും നൽകുന്നതിന് ശുചിത്വ മിഷനെ സർക്കാർ നോഡൽ ഏജൻസിയായി നിയമിച്ചിട്ടുണ്ട്. ഓരോ ഗ്രാമപഞ്ചായത്തിലും അറവുശാല നിർമ്മാണ പദ്ധതി നടപ്പിലാക്കുന്നതു സംബന്ധിച്ച് ഒരു സാദ്ധ്യതാ പഠനം നടത്തുന്നതിന് പെർഫോർമൻസ് ഓഡിറ്റ് യൂണിറ്റുകളെ ചുമതല പ്പെടുത്തുകയും അതിന്റെ അടിസ്ഥാനത്തിൽ 2015-16 വർഷത്തിൽ പുതുതായി അറവുശാല നിർമ്മി ക്കുന്നതിന് 25 ഗ്രാമപഞ്ചായത്തുകളെ തെരഞ്ഞെടുത്തിട്ടുള്ളതുമാണ്.<br>അറവുശാല നിർമ്മിക്കുന്നതിനുള്ള ധനസഹായമായി 40 ലക്ഷം രൂപ വീതം തെരഞ്ഞെടുക്കപ്പെട്ട ഗ്രാമപഞ്ചായ ത്തുകൾക്ക് നൽകുന്നതിനായി 1000 ലക്ഷം രൂപ 2015-16 വർഷത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ